ശ്രീ. സി. കേശവൻ: ഞാൻ ഇതു് ഇന്നലെയും പ്രസ്താവിച്ചതാണു്. അതു് മേശപ്പുറത്തു വയ്ക്കാം.

ശ്രീ. പി. എം. വറുഗീസ്: കൊച്ചിയിലെ രണ്ടും മൂന്നും വർഷംമാത്രം സർവ്വീസുള്ള ഉദ്യോഗസ്ഥന്മാർ, തിരുവിതാംകൂറിലെ പത്തും പന്ത്രണ്ടും കൊല്ലം സർവ്വീസുള്ള ഉദ്യോഗസ്ഥന്മാരുടെ സീനിയറന്മാരായിട്ടുണ്ടെന്നു് പരാതിയുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങിനെയും പരാതിയുണ്ടു്.

ഉദ്യോഗസ്ഥന്മാരുടെ എതിർപ്രവർത്തനം

*൨൫ (൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സഭയെ മറുപടി പറയുമോ?

(എ) ഡിനോമിനേഷൻ സ്കൂൾകാര്യം നിർത്തലാക്കുന്നതു സംബന്ധിച്ചു ഗവണ്മെൻറുത്തരവു് വിഭാവനപ്പെടുത്തുന്നതിനു് ഗവണ്മെൻറുദ്യോഗസ്ഥന്മാർ ശ്രമിച്ചതായി ഫൻ— ൪— ഫൻ ൪ ഫ–ലെ "ദീപിക"യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന റിപ്പോർട്ടു് ഏതെങ്കിലും ഗവണ്മെൻറു ശ്രദ്ധയ്ക്കു് വിഷയമാക്കിയിട്ടുണ്ടോ?

(ബി) ഗവണ്മെൻറു് അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഫൻ ൪ ഫ മേയ് ൨൰–ൽ ഈ ചോദ്യകർത്താവുതന്നെ ഇതിനെക്കുറിച്ചു് ഒരെഴുത്തു് അയച്ചിട്ടുണ്ടായിരുന്നതു് കിട്ടിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതു് നോട്ടീസുകൂടാതെ പറയാൻ സാധ്യമല്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇതിൽക്കൂടുതൽ നോട്ടീസു വേണമോ?

ശ്രീ. എൽ. എം. പൈലി: എന്തായാലും അതു് നോട്ടീസു കൂടാതെ പറയാൻ സാധിക്കുകയില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: സർ, ഇതിനെ സംബന്ധിച്ചു് ഞാൻ ഫൻ ൪ ഫ മേയ് ൨൰–ൽ തന്നെ ഒരെഴുത്തു അയച്ചിട്ടുണ്ടു്. ഇതിനേക്കാൾ കൂടുതലായി നോട്ടീസ് ആവശ്യമുണ്ടോ?

ശ്രീമതി ആനിമസ്ക്രീൻ: നോട്ടീസ് വേണമെന്നു് മന്ത്രി മറുപടി പറയുകയാണെങ്കിൽ പിന്നെയും അതിനെക്കുറിച്ചു് ചോദിക്കാമോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: പാടില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ബഹുമാനപ്പെട്ട മന്ത്രിക്കു് അതിനെപ്പറ്റി അറിവില്ലാതെ നോട്ടീസ് വേണം എന്നു പറയുകയാണെങ്കിലോ?

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: നോട്ടീസ് വേണം എന്നു പറഞ്ഞാൽ പിന്നെ ചോദ്യം അനുവദനീയമല്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: ഇപ്പോൾ ഡിനോമിനേഷനൽ സ്കൂൾകാര്യം ഉണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly